# St. Joseph's Orthodox Congregation of Windsor

## Intercessory Prayer to St. Joseph, the Just

Prepared by: Fr. Jerry John Mathew

**പട്ടക്കാരൻ: ശുബഹോ...**
**ജനം: ബലഹീനരും പാപികളുമായ...**

**പട്ടക്കാരൻ:**
**ആർദ്രതയുള്ളവനായ കർത്താവേ, നിന്റെ കരുണയുടെ വാതിൽ ഞങ്ങൾക്ക് തുറന്നു തരേണമേ. ഞങ്ങൾ നിന്നേ ആശ്രയമാക്കിയിരിക്കുന്നതിനാൽ ഞങ്ങൾ ലജ്ജിച്ചുപോകുമാറാകരുതേ.ഞങ്ങളെ രക്ഷിക്കുകയും, സകല ദുരിതങ്ങളിൽ നിന്നും വീണ്ടുകൊള്ളുകയും ചെയ്യണമേ. മനുഷ്യകുലത്തിന്റെ രക്ഷകനും വീണ്ടെടുപ്പുകാരനും നീ ആകുന്നുവല്ലോ. ഞങ്ങൾ നിന്നിൽ സങ്കേതപ്പെടുന്നതിനാൽ ഞങ്ങളോട് ദയ ചെയ്യേണമേ. ഞങ്ങളോടൊട്ടും കോപിക്കയുമരുതേ. ഞങ്ങളുടെ രഹസ്യവും പരസ്യവുമായ കളങ്കങ്ങളും കുറവുകളും ഞങ്ങളോട് നീ ഓർക്കരുതേ. നീ ഞങ്ങളുടെ ദൈവവും ഞങ്ങൾ നിന്റെ ജനവും കൈവേലയും ആകയാലും നിന്റെ നാമം ഞങ്ങളുടെ മേൽ വിളിക്കപ്പെട്ടിരിക്കുന്നതിനാലും ഞങ്ങളെ സംരക്ഷിച്ച് നിനക്ക് പതിവുള്ള പ്രകാരം ആർദ്രതയോടും അനുകമ്പയോടും കൂടെ ഞങ്ങളുടെ ശത്രുക്കളിൽ നിന്ന് ഞങ്ങളെ വീണ്ടുകൊള്ളേണമേ. നിന്റെ പക്കൽ അപേക്ഷാസ്വാതന്ത്ര്യവും സംപ്രീതിയും ഉള്ളവനായ നിന്നേ പരിപാലിച്ച നീതിമാനും പരിശുദ്ധനുമായ മോർ യൌസേഫിന്റെ പ്രാർത്ഥനയാൽ, ഉത്തമനേ! കരുണ തോന്നി ഞങ്ങളുടെ മേൽ അനുഗ്രഹം ചെയ്യണമേ...**

**ജനം: ഹാലേലുയ്യാ - ഹാലേലുയ്യാ - ഹാലേലുയ്യാ**

സ്തുതി ഉണർവ്വുള്ളോനേ - ഈറയസേവിതനേ
നീ മാനവശുശ്രൂഷകളിൽ പ്രീയമുള്ളോനാം
ആഴത്തിന്നടിയാർ നിന്നെ വിളിക്കുന്നു
യോനയ്ക്കെന്നതു പോൽ ഞങ്ങൾക്കുത്തരമരുൾക
ബാറെക്മോർ ശുബഹോ...

Sthuthi unarvullone - eeraya sevithane
Ni manava shushrushakalil priyamullonam
Aazhathinadiyar ninne vilikkunnu
Yonakennathu pol njangalk utharamarulka
Barekmor…. Shubaho….

മോർ യൌസേഫ് വാനോർ നിൻ പ്രഭ കണ്ടഞ്ചി
മാനവർ നിൻ മഹിതം നാമം കീർത്തിക്കുന്നു
സൽക്രിയ കണ്ടുടയോൻ നിൻ സ്മൃതി വലുതാക്കി
ഞങ്ങളൊടൊപ്പം നിൻ പ്രാർത്ഥനയുണ്ടാകട്ടെ
മെന ഓലം...

Mor Yausep vanor non prabha kandanji
Manavar nin mahitam namam kirthikkunnu
Salkriya kandudayon nin smrithi valuthakki
Njangalodopam nin prarthana undaakatte
Men'olam…

നിർമ്മലരിൽ കനിയും നിർമ്മലനാം ദേവാ
ഞങ്ങൾക്കെന്നും നൽകണമേ നിർമ്മല ഹൃദയം
നിൻ പ്രീതിക്കെതിരാം പാഴാം ചിന്തകളും
ദുഷ്ടവികാരവുമെങ്ങളിൽ നിന്നൊഴിവാക്കണമേ
മൊറിയോ....

Nirmalaril kaniyum nirmalanaam deva
Njangalkenum nalkaname nirmala hridayam
Nin prithikethiram paazhaam chinthakalum
Dushta vikaravumengalil ninozhivakkaname
Moriyo…



St. Joseph's Orthodox Congregation of Windsor
Intercessory Prayer to St. Joseph, the Just
Prepared by: Fr. Jerry John Mathew

**PRIEST**: Glory be to the Father and to the Son and to the Holy Spirit.
**PEOPLE**: May His mercy and compassion be upon us/ weak and sinful/ in both worlds forever and ever/ Amin

**PRIEST**:
O Merciful Lord, open the door of Your mercies, for we trust in You. May we not be ashamed. May we be redeemed and protected from all sorrows through You, for You are the Savior and Redeemer of the Christian community. Have mercy upon us, for we have put our trust in You. Do not become angry with us. Do not bring to Your memory any of our public or secret transgressions. As it is in Your Nature to do so, consider us with mercy and compassion, and protect us from all our enemies. For You are our God; we are Your people and Your handiwork. We have been called after Your Name. Because the Blessed saint Joseph the just one who shielded You in this world, has favor before You, through the prayers of him, our patron saint, Saint Joseph, spare us, O Good One, and have mercy upon us

**PEOPLE**: Halleluyah - w'Halleluyah - w'Halleluyah

Praise to You, Watcher – whom the watchers serve
Who takes joy in the service of those on earth
As Jonah called You – from within the sea
From the depths we call upon You, hear our voice.
**Barekmor….** **Glory be to the….**

Those on high marvel – those below honor
Your great name and your splendor, O St.Joseph
Your Lord, when He saw – the way of your life
Magnified your mem'ry, may your pray'r help us.
**Unto the ages…..**

O God who is pure – and who loves the pure
Grant purity of heart to us at all times
Remove from us all – vain concerns and thoughts
And cares that are not pleasing to You, O Lord.
**Lord have mercy upon us and help us…**

**പട്ടക്കാരൻ:** പരിശുദ്ധനും നീതിമാനുമായ മാർ യൗസേപ്പേ, ദൈവമാതാവായ പരിശുദ്ധ കന്യക മറിയാമിന്റെ തിരഞ്ഞെടുത്ത നിശ്ചിതവരനും കാവൽക്കാരനും, നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിന്റെ പോഷകനും പരിപാലകനുമായവനേ, ദൈവവചനത്തിന്റെ അവതാരമെന്ന അഗാധവും ഭയങ്കരവുമായ രഹസ്യത്തിൽ നീ നിർവഹിച്ച ശുശ്രൂഷയെ മഹത്വപ്പെടുത്തി, ഞങ്ങൾ സ്തുതിയും മഹത്വവും നിനക്കു സമർപ്പിക്കുന്നു. ഇപ്പോൾ മഹത്വത്തിന്റെ കർത്താവായ ക്രിസ്തുവിന്റെ ഭയങ്കര സിംഹാസനത്തിന്റെ മുമ്പിൽ നിൽക്കുകയും, അവന്റെ സന്നിധിയിൽ പരമധൈര്യമുള്ളവനായിരിക്കയും ചെയ്യുന്ന പരിശുദ്ധ പിതാവേ, ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ. ദൂതസേനകൾക്കുപോലും ഗ്രഹിക്കാനാവാത്തവിധം, പരിശുദ്ധ കന്യക മറിയാമിൽ നിന്നുള്ള നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ ജനനമഹാരഹസ്യം നീതിയോടെ സംരക്ഷിച്ചവനേ, ദൈവസന്നിധിയിൽ നീതിയിൽ ശ്രേഷ്ഠനായവനായി ദൈവമാതാവിനെയും ദൈവശിശുവിനെയും കാത്തുസൂക്ഷിച്ചവനേ, ദുഷ്ടന്മാരുടെ വ്യർത്ഥമായ അപവാദങ്ങളിൽ നിന്നും, ശാന്തിയെ അകറ്റുന്ന സകല ദുഷ്പ്രവൃത്തികളിൽ നിന്നും ഞങ്ങളെ വിടുവിക്കേണ്ടതിന്നു ഞങ്ങളുടെ മദ്ധ്യസ്ഥനായിരിക്കുകയും ഞങ്ങൾക്കായി പ്രാർത്ഥിക്കയും ചെയ്യണമേ. പരിശുദ്ധനായ മാർ യൗസേപ്പേ, ഭൂമിയുടെ അറ്റങ്ങളോളം നിന്റെ നീതി പ്രസിദ്ധമാകുന്നുവല്ലോ! ദൈവമായ ക്രിസ്തു തന്നിൽ നിന്ന് പുരുഷസഹായമില്ലാതെ ജനിച്ച പരമഭാഗ്യവതിയായ കന്യകയുടെ നിശ്ചിതവരനായിരിക്കുവാൻ നിനക്കു ലഭിച്ച അതുല്യ മഹത്വത്താൽ, സ്ഥിരവിശ്വാസത്തിലും പരിശുദ്ധിയിലും വിനയത്തിലും സകല സദ്ഗുണങ്ങളിലും സമ്പൂർണ്ണനായ നീ, ലോകമെങ്ങും "നീതിമാൻ" എന്നു വിളിക്കപ്പെട്ടുവല്ലോ. പരിശുദ്ധ പിതാവേ, നമ്മുടെ കർത്താവായ യേശുക്രിസ്തു ഞങ്ങളുടെ പാപങ്ങൾക്ക് മോചനവും, രോഗങ്ങൾക്ക് സൗഖ്യവും, ജീവിതത്തിന് സമാധാനവും നല്കേണ്ടതിന്നു ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

പരിശുദ്ധനും നീതിമാനുമായ മാർ യൗസേപ്പേ! ഞങ്ങളുടെ അർഹതയില്ലാത്ത ഈ അഭ്യർത്ഥന സ്വീകരിക്കണമേ. നമ്മുടെ ദൈവമായ കർത്താവിന്റെ സന്നിധിയിലുള്ള നിന്റെ ശക്തമായ ഇടപെടലാൽ, അവന്റെ ദിവ്യകൃപ ഞങ്ങളെ വിശ്വാസത്തിൽ ഉറച്ചവരായും, അവന്റെ കല്പനകൾ അനുഷ്ഠിക്കുന്നതിൽ ജാഗരൂകരായും ധൈര്യശാലികളായും ആക്കിത്തീർക്കേണമേ. ഈ ലോകത്തും വരുവാനിരിക്കുന്ന ലോകത്തും നീതിയുള്ളതും നന്മയുള്ളതുമായ അനുഗ്രഹങ്ങൾ ഞങ്ങൾക്കു ലഭിക്കേണ്ടതിന്നു ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ. പരിശുദ്ധനും നീതിമാനുമായ മാർ യൗസേപ്പേ! ഭൂമിയിൽ വസിച്ചിരുന്നപ്പോൾ ദൈവപുത്രന്റെ സന്നിധിയിൽ നിനക്കുണ്ടായിരുന്ന ധൈര്യം, അവൻ നിന്നെ തന്റെ 'പിതാവെന്നു' വിളിക്കുവാൻ പ്രസാദിച്ചതും, അവന്റെ മാതാവിന്റെ തിരഞ്ഞെടുത്ത നിശ്ചിതവരനായതും, നിനക്കു അനുസരണയുണ്ടായതും ഞങ്ങൾ സ്മരിക്കുന്നു. ഇപ്പോൾ നീ സ്വർഗ്ഗീയ ഭവനങ്ങളിൽ നീതിമാന്മാരുടെ ഗണത്തോടുകൂടെ വസിക്കുന്നുവെന്നു ഞങ്ങൾ വിശ്വസിക്കുന്നു. അതുകൊണ്ട്, നീതിയും സ്നേഹവും നിറഞ്ഞ ദൈവവാഹകരായി ഞങ്ങളെ ആക്കേണ്ടതിന്നു ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ. പിതാവേ, സംശയചിന്തകളുടെ കൊടുങ്കാറ്റിൽ നിന്നു നിന്നെ കർത്താവ് രക്ഷിച്ചതുപോലെ, കലഹങ്ങളുടെയും ചിദ്രവാസനകളുടെയും തിരമാലകളാൽ അലഞ്ഞുപോകുന്ന ഞങ്ങളെയും രക്ഷിക്കണമേ. നിത്യകന്യകയെ മനുഷ്യരുടെ അപവാദങ്ങളിൽ നിന്നു സംരക്ഷിച്ചതുപോലെ, എല്ലാ ദുഷ്ടവാസനകളിൽ നിന്നും അപകീർത്തികളിൽ നിന്നും ഞങ്ങളെ കാത്തുസൂക്ഷിക്കണമേ. മനുഷ്യാവതാരം ചെയ്ത കർത്താവിനെ നീ സകല കഷ്ടതകളിൽ നിന്നും സംരക്ഷിച്ചതുപോലെ, നിന്റെ ശക്തമായ ഇടപെടലാൽ നമ്മുടെ പരിശുദ്ധ സഭയെയും, ശുശ്രൂഷകരെയും, വിശ്വാസികളായ ഞങ്ങളെല്ലാവരേയും, വിശിഷ്യാ ഈ ഇടവകയേയും, ദേശത്തേയും സകല കഷ്ടതകളിൽ നിന്നും ദുരിതങ്ങളിൽ നിന്നും രക്ഷിക്കണമേ. പരിരക്ഷകനായ പരിശുദ്ധനേ, അവതാരകാലത്ത് ദൈവപുത്രന്റെ ശരീരാവശ്യങ്ങൾ നീ പരിചരിച്ചത് പോലെ; ഇന്നും ഞങ്ങളുടെ മദ്ധ്യസ്ഥനായിരിക്കുകയും ഞങ്ങളുടെ ഭൂതലാവശ്യങ്ങൾക്കായി പ്രാർത്ഥിക്കയും ചെയ്യണമേ. ഈ ജീവിതത്തിൽ നീതിപൂർവ്വമായ നന്മകളെല്ലാം ഞങ്ങൾക്ക് ലഭിക്കേണ്ടതിന്നു ഞങ്ങൾക്കു വേണ്ടി അപേക്ഷിക്കണമേ.

പ്രത്യേകമായി, നിന്റെ പുത്രൻ എന്നു വിളിക്കപ്പെട്ട ദൈവത്തിന്റെ ഏകജാതനായ, നമ്മുടെ കർത്താവും ദൈവവും രക്ഷകനുമായ യേശുക്രിസ്തുവിൽ നിന്നും കടങ്ങളുടെ മോചനവും പാപപരിഹാരവും ഞങ്ങൾക്ക് ലഭിക്കേണ്ടതിന്നു ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കണമേ. അങ്ങനെ, സ്വർഗ്ഗരാജ്യം അവകാശപ്പെടുവാൻ യോഗ്യരായി, സ്വർഗ്ഗീയ വാസസ്ഥലങ്ങളിൽ നിന്നോടുകൂടെ വസിച്ച്, മൂന്നു ക്നൂമാകളിലുള്ള ഏകദൈവമായ പിതാവിനെയും പുത്രനെയും പരിശുദ്ധാത്മാവിനെയും ഇപ്പോഴും എല്ലായ്പ്പോഴും, എന്നേക്കുമായി മഹത്വപ്പെടുത്തുവാൻ ഞങ്ങളെ യോഗ്യരാക്കണമേ. ഞങ്ങൾ മൂന്നു പ്രാവശ്യം കുറിയേലായിസോൻ എന്ന് ഉച്ചത്തിൽ പറയുന്നു

ജനം: കുറിയേലായിസോൻ, കുറിയേലായിസോൻ, കുറിയേലായിസോൻ.



**PRIEST:** O holy and righteous Saint Joseph, the chosen protector of the most holy Virgin Mary, instructor and nurturer of our Lord Jesus Christ, glorifying thy service to the ineffable mystery of the incarnation of God the Word, we dedicate hymns of praise to thee. Standing now before the throne of Christ our God, and possessed of great boldness before Him, we beseech you to pray for us O holy father.

O the holy one who preserved the mystery of birth of our Lord Jesus Christ through the holy Virgin Mary, which is incomprehensible even to the angels, and protected her and the divine born by being the most just in the eyes of God, we beseech you to be the intercessor for us and pray for our protection from all undesired slanders of evil ones and unfavorable acts that drive us away from peace. Your righteousness is known to all the ends of the earth, O holy Joseph, for you were granted the incomparable honor to be the betrothed of the most blessed Virgin, from whom Christ God came forth without the aid of man. You who is known to the whole world as the Just one, for your steadfast faith, purity, humility and excellence in all the virtues, we beseech you to pray for us, that our Lord Jesus Christ may grant us pardon for our sins, healing for our illnesses, and peace for our meaningful existence in this world.

O holy and righteous Joseph! Accept this, our meager supplication, and through your mighty mediation before Christ our God, entreat Him to make us by His grace firm and steadfast in our faith, zealous and undaunted in the keeping of His commandments, and that He grant all that is just and righteous for our temporal and eternal life, here and in the world to come. O holy and Just Joseph! While yet on earth you do have boldness before the Son of God, Who was well pleased to call you His father, in that you were the chosen betrothed of His Mother, and to be obedient unto thee. As we believe that you dwell now in the heavenly mansions with the choirs of the righteous, we ask you to pray for us to be the divine carriers of righteousness and love. Pray for us O father, as our Lord delivered you from a storm of doubting thoughts, so also deliver us who are overwhelmed by the waves of confusion and passions; as our Lord shielded the ever virgin from the slanders of men, so shield us from all harmful passions and accusations; as you kept the incarnate Lord from all harm and affliction, so also with your powerful intercession preserve our Church, its ministers and all of us from all tribulation and distresses.

O the protector saint, when even the Son of God had bodily needs in the days of His incarnation, you willfully attended to them, today we beseech you to be our mediator and pray for our temporal needs through your intercession, granting us every good thing which is just and needful in this life. Especially do we entreat you to intercede that we may receive remission of debts and forgiveness of our sins from Him Who was called your Son, the only-begotten Son of God, our Lord Jesus Christ, and that we may be worthy to inherit the kingdom of heaven, that, abiding with you in the heavenly mansions, we may ever glorify the One God in three Persons, Father, Son and Holy Spirit now and always forever and ever. Let us cry aloud and say Lord have mercy three times:

**PEOPLE:** Lord have mercy, Lord have mercy, Lord have mercy.

കർത്താവാം മശിഹാ ഞങ്ങൾ തൻ
സൃഷ്ടാവേ നാഥാ
കൃപ ചെയ്തീടണമേ മോർ യൌസേ-
ഫിൻ പ്രാർത്ഥന മൂലം
പൈശാചിക പതനത്തിൽ നിന്നും
ദുർസേനകളീന്നും
മോചനമേകണമേ ഞങ്ങളെ സം-
രക്ഷിച്ചീടണമേ
    നിന്നടിയാർ ഞങ്ങൾ
    തൃക്കൈയ്യിൽ മേവു-
    ന്നർത്ഥിക്കുന്നു ദയ
    ആ-ലം-ബം നീ തന്നെ
ഞങ്ങൾക്കും നാഥാ ഞങ്ങൾ തൻ
വിഗതർക്കും നൽക
ക്ഷമയും പുണ്യമതും പരിപൂർണ്ണ
പാപവിമോചനവും

Karthavam Mashiha njangal than
Sristave nadha
Kripa cheythidaname more yause-
Pin prarthana moolam
Paishachika pathanathil ninnum
Dursenakaleenum
Mochanamekaname njangale sam-
Rakshichidaname
    Nin adiyar njangal
    Thrikkayil mevu-
    Narthikkunu daya
    Aa-lam-bam ni thanne
Njangalkkum nadha njangal than
Vigatharkum nalka
Kshamayum punyamathum paripurna
Paapa vimochanavum

**പട്ടക്കാരൻ:** കുറിയേലായിസോൻ - 5
(Kuriyelaison - 5)
**ജനം:** കുറിയേലായിസോൻ - 5
(Kuriyelaison -5)

**പട്ടക്കാരൻ:** നാഥാ കൃപ ചെയ്തീടണമേ -5
(Nadha kripa cheitheedaname - 5)
**ജനം:** നാഥാ കൃപ ചെയ്തീടണമേ - 5

**പട്ടക്കാരൻ:** നാഥാ കനിവാൽ കൃപ ചെയ്തീടണമേ - 5
(Nadha kanival kripa cheitheedaname - 5)
**ജനം:** നാഥാ കനിവാൽ കൃപ ചെയ്തീടണമേ

**പട്ടക്കാരൻ:** നാഥാ അരുളി കൃപ ചെയ്തീടണമേ - 5
(Nadha aruli kripa cheitheedaname - 5)
**ജനം:** നാഥാ അരുളി കൃപ ചെയ്തീടണമേ - 5

**പട്ടക്കാരൻ:** ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി
**ജനം:** ഞങ്ങളുടെ കർത്താവേ നിനക്ക് സ്തുതി
(Njangalude Karthave ninaku Stuthi)
എന്നേക്കും ഞങ്ങളുടെ ശരണവുമേ നിനക്ക് സ്തുതി ബാറെക്മോർ
(Ennekum njangalkkulla sharanavume ninaku stuthi Barekmor)

**പട്ടക്കാരൻ:** സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ…



O Christ our Savior - our Lord and
Creator of all
Answer the pray'rs of - saint Joseph
On behalf of us
Set us free O Lord - from satan
And his deception
De-li-ver us from - the armies
Of the evil one
    We are Your servants
    We are Your handmaids
    We ask for Your grace
    To be brought into Your hands
For we have O Lord - no other
Redeemer but You
Forgive our sins and - those of our
Faithful departed

**PRIEST**: Lord have mercy (5)
**PEOPLE**: Lord have mercy (5)

**PRIEST**: Lord have mercy upon us (5)
**PEOPLE**: Lord have mercy upon us (5)

**PRIEST**: Lord be kind and have mercy (5)
**PEOPLE**: Lord be kind and have mercy (5)

**PRIEST**: Answer Lord and have mercy (5)
**PEOPLE**: Answer Lord and have mercy (5)

**PRIEST**: Glory to You, O Lord
**PEOPLE**: Glory to You, O Lord
Glory to You, our Hope forever. Barekmor.

**PRIEST**: Our Father, Who art in heaven…

Prepared by: Fr. Jerry John Mathew